# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 19, വെള്ളി

**നമ്പർ 74**

രാവിലെ 8.30 -ന് ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യമായ നിയമനം നടത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി വിദ്യാർത്ഥികൾ നടത്തുന്ന നിരാഹാര സമരംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. ഉമ്മറും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് ഡെപ്യൂട്ടി സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

(1) നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവും മൂലം റോഡ്/പൊതുനിർമ്മാണ മേഖലകൾ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധിയിലേക്ക് ശ്രീ. സി. കൃഷ്ണൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) വാണാക്രൈ വൈറസ് ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സൈബർ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. ഉബൈദുള്ള മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 937/2017(1).

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ചാവറ റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീ. വി. ഡി. സതീശൻ | സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനം | മുഖ്യമന്ത്രിയ്ക്കു വേണ്ടി പട്ടിക ജാതി പട്ടിക വർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീമതി യു. പ്രതിഭ ഹരി | മന്ത് രോഗബാധിതർക്ക് ധനസഹായം അനുവദിക്കുന്നത് | ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി |
| 4 | ശ്രീ. കാരാട്ട് റസാഖ് | കൊടുവള്ളി ഗവ. കോളേജിന് സ്ഥലം അനുവദിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. രാജഗോപാലൻ | സ്വകാര്യ ആശുപത്രി ജീവനക്കാരുടെ ശമ്പള പരിഷ്കരണം | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. രാജൻ | കുടുംബശ്രീയിൽ സി. ഡി. എസ്. അക്കൗണ്ടന്റുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത് | തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. ഡി. കെ. മുരളി | ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് അദ്ധ്യാപക തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നത് | വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| 8 | ശ്രീ. ടി. വി. ഇബ്രാഹിം | ചാലിയപ്പുറം ഗവ. ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെയും ഓഫീസ് സ്റ്റാഫിന്റെയും നിയമനം | വിദ്യാഭ്യാസ വകുപ്പ് മന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ഗവൺമെന്റ് പ്രമേയം :

ജനിതകമാറ്റം വരുത്തിയ കടുക് വിത്തിന്റെ വാണിജ്യാവശ്യത്തിനുള്ള കൃഷിക്കും ഉല്പാദനത്തിനും അനുമതി നൽകാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം പിൻവലിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചട്ടം 118 അനുസരിച്ചുള്ള ഒരു പ്രമേയം കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽകുമാർ അവതരിപ്പിച്ചു. പ്രമേയം സഭ ഐക്യകണ്ഠേന പാസ്സാക്കി.

റിപ്പോർട്ട് സമർപ്പണം :

2017-ലെ മലയാള ഭാഷ (നിർബ്ബന്ധിത ഭാഷ) ബില്ലിനെ സംബന്ധിച്ച VI-ാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം :

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) സാമാന്യമായി പൊതു താല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ:

(i) ശ്രീ. സി. മമ്മൂട്ടി 2017 മേയ് 5-ാം തീയതി അവതരിപ്പിച്ചിരുന്ന താഴെപ്പറയുന്ന പ്രമേയത്തിന്മേലുള്ള ചർച്ച തുടർന്നു.

"സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിത ഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന

സ്ഥിതിവിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

ശ്രീമതി യു. പ്രതിഭ ഹരി, ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മറുപടി പറഞ്ഞു. തുടർന്ന് ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ചിരുന്ന പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു

(ii) ശ്രീ. എം. നൗഷാദ് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു:

"വിവിധ വാണിജ്യകരാറുകൾ റബ്ബറുൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിൽ അസ്ഥിരതയുണ്ടാക്കുന്നത് കേരളത്തിന്റെ സമ്പദ്ഘടനയിൽ കനത്ത ആഘാതം ഏൽപ്പിക്കുന്നു. റബ്ബറിന്റെ കാര്യത്തിൽ അന്താരാഷ്ട്ര കമ്പോളവിലയിലുണ്ടാകുന്ന കുറവിനനുസരിച്ച് വില കുറയ്ക്കുകയും എന്നാൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില ഉയരുന്ന സാഹചര്യത്തിൽ രാജ്യത്തെ ടയർ വ്യവസായികളുടെ സംഘം ആഭ്യന്തര വിപണിയിലെ വില താഴ്ത്തി നിർത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇടപെടൽ കാരണം റബ്ബറിന്റെ ഉൽപാദനത്തിൽ 12.9 ശതമാനം കുറവുണ്ടായി. വിലസ്ഥിരത ഫണ്ട് അനുവദിച്ചും ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിച്ചും റബ്ബർ കർഷകരെ സംരക്ഷിക്കേണ്ട അടിയന്തര സാഹചര്യത്തിൽ റബ്ബർ കർഷകർക്ക് ഗുണകരമായ രീതിയിൽ ദേശീയ റബ്ബർ നയം രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഉൽപാദന ചെലവു കണക്കാക്കി റബ്ബറിന്റെ അടിസ്ഥാന വില പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

ശ്രീ. പി.ടി. തോമസ് പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

താഴെപ്പറയുന്ന അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു :

ശ്രീ. സി.കെ.ഹരീന്ദ്രൻ

,, വി. പി. സജീന്ദ്രൻ

,, ടി. വി. ഇബ്രാഹിം

,, വി. ആർ. സുനിൽ കുമാർ

ഡോ. എൻ. ജയരാജ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽകുമാർ മറുപടി പറഞ്ഞു. ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ചിരുന്ന ഭേദഗതി തള്ളിയതായി പ്രഖ്യാപിച്ചു. തുടർന്ന് പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു

(iii) ശ്രീ. കെ. എസ്. ശബരീനാഥൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു:

"ഐ. ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോളമാറ്റങ്ങളും സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും തൊഴിൽ സാധ്യതാ കുറവും, ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതുകൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ. ടി. മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

ചർച്ച പൂർത്തിയായില്ല.

2017 മേയ് 22-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.30 -ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifth Session**

# BULLETIN—PART I

(Brief Record of Proceedings)

*Friday, May 19, 2017*

**No. 74**

The Assembly met at 8.30 a.m. with Mr. Deputy Speaker in the Chair.

*Questions* :

Three questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Minister for Health and Social Justice, the Deputy Speaker withheld consent to the moving of an adjournment motion given notice of by Shri M. Ummer and two other Members regarding the serious situation reported to have arisen due to the hunger strike of students demanding the appointment of necessary staff and provision of basic infrastructure facilities in Manjeri Medical College.

*Calling Attention* :

(1) Shri C. Krishnan called the attention of the Chief Minister to the crisis reportedly being faced by the road/general construction sectors due to the scarcity as well as price hike of construction materials. The Chief Minister made a statement thereto.

(2) Shri P. Ubaidulla called the attention of the Chief Minister to the necessity to take steps to strengthen the cyber security system in the State in the wake of attack from Wanna Cry virus. The Chief Minister made a statement thereto.

KNPP. 937/2017(ii).

The matters raised by Members Under Rule 304.

The matters raised by Members in the House under Rule 304 are laid below :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ചാവറ റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീ. വി. ഡി. സതീശൻ | സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനം | മുഖ്യമന്ത്രിയ്ക്കു വേണ്ടി പട്ടികജാതി പട്ടിക വർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീമതി യു. പ്രതിഭ ഹരി | മന്ത് രോഗബാധിതർക്ക് ധനസഹായം അനുവദിക്കുന്നത് | ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി |
| 4 | ശ്രീ. കാരാട്ട് റസാഖ് | കൊടുവള്ളി ഗവ. കോളേജിന് സ്ഥലം അനുവദിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. രാജഗോപാലൻ | സ്വകാര്യ ആശുപത്രി ജീവനക്കാരുടെ ശമ്പള പരിഷ്കരണം | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. രാജൻ | കുടുംബശ്രീയിൽ സി. ഡി. എസ്. അക്കൗണ്ടന്റുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത് | തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. ഡി. കെ. മുരളി | ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് അദ്ധ്യാപക തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീ. ടി. വി. ഇബ്രാഹിം | ചാലിയപ്പുറം ഗവ. ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെയും ഓഫീസ് സ്റ്റാഫിന്റെയും നിയമനം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Government Resolution* :

Shri V. S. Sunil Kumar moved a resolution under rule 118 urging the Central Government to withdraw the decision to grant permission for production and cultivation of Genetically Modified mustard seed for commercial purpose. The resolution was passed unanimously.

*Presentation of Report* :

The Report of the Subject Committee VI on Malayalam Language (Compulsory Language) Bill, 2017 was presented.

*Private Members' Business* :—

(1) The Eighth Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

(2) Resolutions on matters of general public interest:

(i) Discussion on the following resolution moved by Shri C. Mammutty on 5th May 2017 was resumed.

"സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും പരിശോധനയ്ക്കും ചികിത്സയ്ക്കുംവേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിത ഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം

നൽകുന്നതിനും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പു വരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

Smt. U. Prathibha Hari and Shri E. T. Taison Master took part in the discussion and spoke. Smt. K. K. Shailaja Teacher, Minister for Health and Social Justice replied to the points raised during the discussion. Then the resolution moved by Shri C. Mammutty was withdrawn by the leave of House.

(ii) Shri M. Noushad moved the following resolution and spoke :

"വിവിധ വാണിജ്യകരാറുകൾ റബ്ബറുൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിൽ അസ്ഥിരതയുണ്ടാക്കുന്നത് കേരളത്തിന്റെ സമ്പദ് ഘടനയിൽ കനത്ത ആഘാതം ഏൽപ്പിക്കുന്നു. റബ്ബറിന്റെ കാര്യത്തിൽ അന്താരാഷ്ട്ര കമ്പോളവിലയിലുണ്ടാകുന്ന കുറവിനനുസരിച്ച് വില കുറയ്ക്കുകയും എന്നാൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില ഉയരുന്ന സാഹചര്യത്തിൽ രാജ്യത്തെ ടയർ വ്യവസായികളുടെ സംഘം ആഭ്യന്തര വിപണിയിലെ വില താഴ്ത്തി നിർത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇടപെടൽ കാരണം റബ്ബറിന്റെ ഉൽപാദനത്തിൽ 12.9 ശതമാനം കുറവുണ്ടായി. വിലസ്ഥിരത ഫണ്ട് അനുവദിച്ചും ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിച്ചും റബ്ബർ കർഷകരെ സംരക്ഷിക്കേണ്ട അടിയന്തര സാഹചര്യത്തിൽ റബ്ബർ കർഷകർക്ക് ഗുണകരമായ രീതിയിൽ ദേശീയ റബ്ബർ നയം രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഉൽപാദന ചെലവു കണക്കാക്കി റബ്ബറിന്റെ അടിസ്ഥാന വില പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

Shri P. T. Thomas moved an amendment to the resolution and spoke.

The following Members also took part in the discussion :

Shri C. K. Hareendran

,, V. P. Sajeendran

,, T. V. Ibrahim

,, V. R. Sunil Kumar

Dr. N. Jayaraj

Shri V. S. Sunil Kumar, Minister for Agriculture replied to the points raised during the discussion, The amendment moved by Shri P. T. Thomas was declared lost. Then the resolution was withdrawn by the leave of the House.

(iii) Shri K. S. Sabarinathan moved the following resolution and spoke.

"ഐ. ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോളമാറ്റങ്ങളും സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും തൊഴിൽ സാധ്യതാ കുറവും, ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതുകൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ. ടി. മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

The discussion was inconclusive.

The House adjourned at 12.30 p.m. to meet again at 8.30 a.m. on Monday, May 22, 2017.

V. K. BABU PRAKASH,
*Secretary.*